കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695 001
ഫോൺ 0471 – 2331159, 2330558
**Email : cei@ceikerala.gov.in**

An IS 15700 : 2005 Certified Department

നമ്പർ :ജി1– 9465/2019/സി.ഇ.ഐ. തീയതി : 29 /08/ 2019

## വിൻഡോ നമ്പർ: 01
## ദർഘാസ് പരസ്യം നമ്പർ: 01/2019–20/സി.ഇ.ഐ.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം – 1.

| ക്രമ നമ്പർ | വിവരണം | ആവശ്യമുള്ള എണ്ണം |
|---|---|---|
| 1 | **ഓണം വാരാഘോഷത്തോടനുബന്ധിച്ച് 16.09.2019–ാം തീയതി തിരുവനന്തപുരത്ത് വച്ച് നടത്തുന്ന ഘോഷയാത്രയിൽ വൈദ്യുത സുരക്ഷയെ ആസ്പദമാക്കിയുള്ള ഫ്ളോട്ട് നിർമ്മാണം** | 1 |

| | |
|---|---|
| ദർഘാസ് ഫാറത്തിന്റെ വില (അസൽ) + ജി.എസ്സ്.റ്റി @ 12% | **800/- രൂപ + 96 /- രൂപ** |
| ദർഘാസ് ഫാറത്തിന്റെ വില (ഡ്യൂപ്ലിക്കേറ്റ്) + ജി.എസ്സ്.റ്റി @ 12% | **400/- രൂപ + 48 /- രൂപ** |
| ദർഘാസ് ഫാറം വിൽക്കുന്ന അവസാന തീയതിയും സമയവും | **05.09.2019 ഉച്ചയ്ക്ക് 1.00 മണി** |
| പൂരിപ്പിച്ചതും സീൽ ചെയ്തതുമായ ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | **05.09.2019 വൈകുന്നേരം 3.00 മണി** |
| ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും | **05.09.2019 വൈകുന്നേരം 3.30 മണി** |
| നിരതദ്രവ്യം | **10000 രൂപ** |
| അടങ്കൽ തുക | **4 ലക്ഷം രൂപ** |

(ഒപ്പ്)

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ഇൻ ചാർജ്ജ്)

വിശദ വിവരങ്ങൾ **www.ceikerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

# <u>ദർഘാസ് നോട്ടീസ്</u>

കേരള സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന ഓണാഘോഷം 2019 പരിപാടിയുടെ സമാപന ചടങ്ങിൽ പ്രദർശിപ്പിക്കുവാനായി **"വൈദ്യുത സുരക്ഷ"** എന്ന സന്ദേശം പ്രമേയമാക്കി ഒരു ഫ്ളോട്ട് തയ്യാറാക്കുവാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് തീരുമാനിച്ചിരിക്കുന്നു. താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഫ്ളോട്ട് തയ്യാറാക്കേണ്ടതാണ്.

1. ഫ്ളോട്ടിന്റെ ത്രിമാന രൂപത്തിലുള്ള ചിത്രം ടെൻഡർ ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. ഫ്ളോട്ടിന്റെ രൂപവും ഫ്ളോട്ട് സജ്ജീകരിക്കുന്നതിനാവശ്യമായ എല്ലാ സാധന സാമഗ്രികളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും സജ്ജീകരിക്കേണ്ടതാണ്.

3. ലോറിയിൽ സജ്ജീകരിച്ച് നിർദ്ദിഷ്ട സമയത്ത് റാലിയിൽ പങ്കെടുക്കത്തക്ക വിധം ആയതിന്റെ അനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ഫ്ളോട്ടിന്റെ നീളം – 18 അടി, ഉയരം – 18 അടി, വീതി – 10 അടി എന്ന ക്രമത്തിൽ കവിയരുത്.

4. ഫ്ളോട്ടിൽ തയ്യാറാക്കുന്ന രൂപങ്ങൾക്ക് മിനുസമുള്ള പ്രതലത്തിൽ ഇനാമൽ പെയിന്റ് ഉപയോഗിച്ച് നിറം നൽകേണ്ടതാണ്.

5. ഫ്ളോട്ടിനു മതിയായ ശബ്ദ സംവിധാനവും വെളിച്ച സംവിധാനവും നൽകിയിരിക്കണം. മഴയുടെ സാധ്യതയുള്ള സാഹചര്യത്തിൽ ഫ്ളോട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ആകാരത്തിനും, ഭംഗിയ്ക്കും കോട്ടം സംഭവിക്കുവാൻ പാടില്ല. കൂടാതെ ഫ്ളോട്ടിനുള്ളിലും വശങ്ങളിലും ആവശ്യമായ ദീപ സംവിധാനം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/പ്രതിനിധിയുടെ നിർദ്ദേശ പ്രകാരം ചെയ്യേണ്ടതാണ്.

6. സർക്കാർ നിശ്ചയിക്കുന്ന അംഗീകൃത സ്ഥലങ്ങളിൽ നിന്നും ആരംഭിക്കത്തക്ക രീതിയിൽ അന്നേ ദിവസം രാവിലെ 10 മണിയ്ക്ക് മുൻപ് ഫ്ളോട്ട് പൂർണ്ണമായും പൂർത്തീകരിക്കേണ്ടതാണ്.

7. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ **"വൈദ്യുത സുരക്ഷ"** എന്ന സന്ദേശം രേഖപ്പെടുത്തി, പ്രിന്റ് ചെയ്ത് ലോഗോ ഉൾപ്പെടെ വാഹനത്തിന്റെ മുൻഭാഗവും പിൻഭാഗവും മറയ്ക്കേണ്ടതാണ്.

8. ഫ്ളോട്ടിനെ സംബന്ധിച്ച് ഓണാഘോഷം – 2019 ഘോഷയാത്ര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കണം.

9. ഫ്ളോട്ടുമായി ബന്ധപ്പെട്ട എല്ലാ ജോലികളും വാടക അടിസ്ഥാനത്തിൽ ആയിരിക്കണം പൂർത്തിയാക്കേണ്ടത്.

10. ഘോഷയാത്ര നടക്കുന്ന അവസരത്തിൽ ഫ്ളോട്ടിന്റെ ആകർഷണീയതയും ഭംഗിയും വർദ്ധിപ്പിക്കുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/പ്രതിനിധി നൽകുന്ന നിർദ്ദേശങ്ങളും ഭേദഗതികളും വരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാർ തുകയിൽ നിന്നും ആനുപാതികമായി കുറവു വരുത്തുന്നതായിരിക്കും.

11. വാഹനത്തിൽ വൈദ്യുത സുരക്ഷയുമായി ബന്ധപ്പെടുത്തുന്ന സുരക്ഷാ നിർദ്ദേശങ്ങൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാൻ അനുയോജ്യമായ എൽ.ഇ.ഡി. ഡിസ്‌പ്ലേ ബോർഡ് സജ്ജമാക്കേണ്ടതാണ്.

12. വർക്ക് ഓർഡർ ലഭിച്ചതിനു ശേഷം ഫ്ളോട്ടിന്റെ വർക്ക് ആരംഭിച്ചു കഴിഞ്ഞാൽ ആയതു സംബന്ധിച്ച പുരോഗതി ഓരോ ഘട്ടത്തിലും ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറെ നേരിട്ടോ, ഫോൺ മുഖാന്തിരമോ, ഇ–മെയിൽ വഴിയോ അറിയിക്കേണ്ടതാണ്.

13. ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർ / പ്രതിനിധി നൽകുന്ന ക്യാപ്ഷനുകളും ലോഗോകളും ഫ്ളോട്ടിൽ പ്രദർശിപ്പിക്കേണ്ടതാണ്.

14. ഫ്ളോട്ടിന്റെ നിർമ്മാണത്തിൽ സർക്കാർ, നഗരസഭ എന്നിവയുടെ നിർദ്ദേശമനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം കർശനമായി പാലിക്കേണ്ടതാണ്.

15. ഫ്ളോട്ട് നിർമ്മാണത്തിൽ മുൻപരിചയം ഉള്ളവരായിരിക്കണം പ്രസ്തുത ടെൻഡറിൽ പങ്കെടുക്കേണ്ടത്.

16. മുൻപ് ചെയ്ത വർക്കിന്റെ ഫോട്ടോ വർക്ക് ഓർഡറിന്റെ പകർപ്പിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

17. ഫ്ളോട്ടിന്റെ നാല് വശങ്ങളിൽ നിന്നുമുള്ള ഫോട്ടോ (പോസ്റ്റ് കാർഡ് സൈസ്) കരാറുകാരൻ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

18. ഈ കരാർ ഏതു സമയത്തും ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർക്ക് റദ്ദുചെയ്യുവാനുള്ള പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

(ഒപ്പ്)

ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർ (ഇൻ ചാർജ്ജ്).

വിശദ വിവരങ്ങൾ **www.ceikerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

## ഫ്ളോട്ടിനുള്ള ആശയം

1. വകുപ്പിന്റെ പേര് (കേരള സർക്കാർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്) വലിയ അക്ഷരത്തിൽ ആലേഖനം ചെയ്യണം. അത് റോഡിന്റെ ഇരു വശങ്ങളിലും നിൽക്കുന്നവർക്ക് വ്യക്തമായി കാണുവാൻ സാധിക്കേണ്ടതാണ്.
2. 6 അടി നീളവും, 4 അടി വീതിയുമുള്ള എൽ.ഇ.ഡി. ഡിസ്പ്ലേ ബോർഡിൽ വകുപ്പിന്റെ സുരക്ഷാ സന്ദേശങ്ങൾ (ഓഡിയോ & വീഡിയോ) പ്രദർശിപ്പിക്കണം. റോഡിന്റെ ഇരുവശങ്ങളിലും നിൽക്കുന്ന ജനങ്ങൾക്ക് വീക്ഷിക്കാൻ പറ്റുന്ന രീതിയിൽ എൽ.ഇ.ഡി. ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കണം.
3. ഡ്രൈവർ ക്യാബിൻ കവർ ചെയ്തുകൊണ്ട് ഒരു വീടിന്റെ രൂപം ഉണ്ടാകണം. അതിനോട് ചേർന്ന് മാങ്ങകൾ പിടിച്ചു നിൽക്കുന്ന ഒരു മാവും അതിനു സമീപത്തുകൂടി വൈദ്യുത പോസ്റ്റുകളിലൂടെ ലൈൻ വലിച്ചതായും കാണിച്ചിരിക്കണം. ഈ മാവിൽ നിന്നും ഒരു വ്യക്തി ഇരുമ്പു തോട്ടി കൊണ്ട് മാങ്ങ പറിക്കുന്നതായും ഇതിനിടയിൽ തോട്ടി ലൈനിൽ തട്ടി ആൾക്ക് ഷോക്ക് ഏൽക്കുന്നതായും കാണിച്ചിരിക്കണം.
4. ഫ്ളോട്ടിൽ ഒരാൾ വൈദ്യുത അയൺ ബോക്സ് ഉപയോഗിക്കുന്നതിനിടയിൽ ഷോക്ക് കിട്ടുന്നതായും, അവിടെ സ്ഥാപിച്ചിട്ടുള്ള ഇ.എൽ.സി.ബി പ്രവർത്തിപ്പിച്ച് ഷോക്കിൽ നിന്നും വ്യക്തി രക്ഷ പ്രാപിക്കുന്നതായും കാണിക്കണം. ഇ.എൽ.സി.ബി-യുടെ സൈസ് (നീളം - 30 സെ.മീ., ഉയരം - 15 സെ.മീ., വീതി 30 സെ.മീ.). ഇ.എൽ.സി.ബി കാണുന്ന രീതിയിൽ ലൈറ്റ് നൽകിയിരിക്കണം.

## പൊതു നിബന്ധനകൾ

1. ദർഘാസ് ഫോറത്തിന്റെ വിലയും ജി.എസ്.ടി. തുകയും " 0043-00-800-98" ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയതിന്റെ ചെലാൻ ദർഘാസ് വാങ്ങാൻ വരുമ്പോൾ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
2. നിരത ദ്രവ്യം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. 02.09.2019-നു മുമ്പായി അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായി ഫ്ളോട്ടിനെ സംബന്ധിച്ച് പ്രീ ബിഡ് മീറ്റിംഗ് നടത്തേണ്ടതാണ്.
4. ടെൻഡർ ലഭിക്കുന്ന വ്യക്തി 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഇൻ ചാർജ്ജ്.